# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 774</u> | <u>08.01.2014 ൽ മറുപടിക്ക്</u>

**കടുത്തുരുത്തി, കുറുപ്പന്തറ പിഎച്ച്.സികൾ**
**സി.എച്ച്.സിയായി ഉയർത്താൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടുത്തുരുത്തി, കുറുപ്പന്തറ എന്നിവിടങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നത് സംബന്ധിച്ച ഫയലിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; ഇതു സംബന്ധിച്ച സെക്രട്ടേറിയറ്റ് ഫയൽ നമ്പർ ലഭ്യമാക്കാമോ; | (എ) പ്രസ്തുത പി.എച്ച്.സികൾ സി.എച്ച്.സി ആക്കുന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. ഈ വകുപ്പിന്റെ ഫയൽ നം. 11175/പി2/2013/ആ.ക.വ എന്നാണ്. |
| (ബി) പി.എച്ച്.സികൾ സി.എച്ച്.സി – കൾ ആക്കുന്നത് സംബന്ധിച്ച് അഭിപ്രായം വ്യക്തമാക്കാമോ ; | (ബി) സ.ഉ (എം.എസ്) നം. 568/08/ആ.കു.വ തീയതി 06/11/08 പ്രകാരം ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ സ്റ്റാൻഡേർഡൈസേഷൻ നടപ്പിലാക്കുന്നതിന് ഉത്തരവായി. ഈ ഉത്തരവ് പ്രകാരം സി.എച്ച്.സി ഇല്ലാത്ത ഹെൽത്ത് ബ്ലോക്കുകളിലും സി.ഡി ബ്ലോക്ക് / റവന്യൂ ബ്ലോക്കുകളിലും നിലവിലുള്ള ബ്ലോക്ക് പി.എച്ച്.സിയെയോ സർക്കാർ ആശുപത്രിയെയോ സി.എച്ച്.സിയായി പദവി ഉയർത്താവുന്നതാണ്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഐ.പി.എച്ച്.എസ് അനുസരിച്ചുള്ള ഒരു സി.എച്ച്.സി വീതം ഉണ്ടായിരിക്കുക എന്നതാണ് നിലവിൽ സ്വീകരിച്ചിട്ടുള്ള നയം. |
| (സി) നടപ്പുസാമ്പത്തികവർഷം ഏതൊക്കെ പി.എച്ച്.സികൾ സി.എച്ച്.സി കൾ ആയി ഉയർത്തി ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ? | (സി) മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി പി.എച്ച്.സി, കണ്ണൂർ ജില്ലയിലെ കൂട്ടുമുഖം പി.എച്ച്.സി, കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി പി.എച്ച്.സി എന്നിവയെ ഈ സാമ്പത്തിക വർഷത്തിൽ സി.എച്ച്.സിയായി ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ